Mathrubhumi മാതൃഭൂമി | Print Edition

Kerala

# മലബാർ സിമന്റ്സ്: കേസ് റദ്ദാക്കാൻ മുൻ എം.ഡി. പത്മകുമാറിന്റെ ഹർജി

Published: Jul 19, 2017, 01:00 AM IST

T- T T+



**കൊച്ചി:** മലബാർ സിമന്റ്സുമായി ബന്ധപ്പെട്ട അഴിമതിക്കേസിൽ തനിക്കെതിരായ പ്രഥമവിവരറിപ്പോർട്ട് റദ്ദാക്കാൻ മുൻ എം.ഡി. കെ. പത്മകുമാർ ഹൈക്കോടതിയെ സമീപിച്ചു. ഇതുപരിഗണിച്ച കോടതി കേസിൽ നിലവിലെ സ്ഥിതി അറിയിക്കാൻ സർക്കാരിനോട് നിർദേശിച്ചു.

സർക്കാർ എടുത്ത തീരുമാനം മറച്ചുവെച്ചാണ് കോടതിയുടെ ഉത്തരവിന്റെ പേരിൽ തന്നെ പ്രതിയാക്കിയതെന്നാണ് വാദം. കേസുമായി ബന്ധപ്പെട്ട ചില രേഖകൾ വിവരാവകാശ നിയമപ്രകാരം രണ്ടുമാസം മുമ്പുമാത്രമാണ് തനിക്ക് ലഭിച്ചത്. ക്രമക്കേടിനാധാരമായ സംഭവവുമായി തന്നെ ബന്ധപ്പെടുത്തുന്ന വിവരമൊന്നും അതിലില്ല. 2008-ൽ നടന്ന സംഭവത്തെക്കുറിച്ചാണ് കേസ്. താൻ ചുമതലയേറ്റത് 2015-ലാണെന്ന് പത്മകുമാർ പറയുന്നു.

ഹൈക്കോടതിയുടെ പ്രതികൂല ഉത്തരവുവന്നതിന്റെ പിറ്റേന്ന് വിജിലൻസിന്റെ പാലക്കാട് യൂണിറ്റിലേക്ക് വിളിപ്പിച്ചു. തുടർന്ന് കേസെടുത്ത് അറസ്റ്റുചെയ്തു. പിന്നീട് ജോലിയിൽനിന്ന് സസ്പെൻഡ് ചെയ്തു.

തിരിച്ചെടുക്കണമെന്ന് ആവശ്യമുന്നയിച്ചെങ്കിലും പരിഗണിച്ചില്ല. കടുത്തനീതിനിഷേധമാണ് നേരിടുന്നത്. കേസിനാസ്പദമായ രേഖകളും ഇതുസംബന്ധിച്ച സർക്കാർ തീരുമാനവും വിളിച്ചുവരുത്തി പരിശോധിച്ച് പ്രഥമവിവരറിപ്പോർട്ട് റദ്ദാക്കണമെന്നാണ് ആവശ്യം. തുടർനടപടികളും റദ്ദാക്കണം.

Like 1 Share

RELATED ARTICLES



വീടിന്റെ ടെറസിൽ കഞ്ചാവ് ചെടി; യുവതി പോലീസ് പിടിയിൽ

ബധിരത നിയന്ത്രിക്കാൻ കേന്ദ്രപദ്ധതി സംസ്ഥാനത്ത് കൂടുതൽ ആശുപത്രികളിലേക്ക്

മഹാരാജാസ് കോളേജ് രസതന്ത്ര വകുപ്പ് കെട്ടിടം ഉദ്ഘാടനം നാളെ

പവർ ലിഫ്റ്റിങ്ങിൽ മികവുകാട്ടി കൊച്ചിക്കാരി

What is your reaction? powered by Vuukle

0% happy | 0% unmoved | 0% amused | 0% excited | 0% angry | 0% sad

വാർത്തകളോടു പ്രതികരിക്കുന്നവർ അശ്ലീലവും അസഭ്യവും നിയമവിരുദ്ധവും അപകീർത്തികരവും സ്പർധ വളർത്തുന്നതുമായ പരാമർശങ്ങൾ ഒഴിവാക്കുക. വ്യക്തിപരമായ അധിക്ഷേപങ്ങൾ പാടില്ല. ഇത്തരം അഭിപ്രായങ്ങൾ സൈബർ നിയമപ്രകാരം ശിക്ഷാർഹമാണ്. വായനക്കാരുടെ അഭിപ്രായങ്ങൾ വായനക്കാരുടേതു മാത്രമാണ്, മാതൃഭൂമിയുടേതല്ല. ദയവായി മലയാളത്തിലോ ഇംഗ്ലീഷിലോ മാത്രം അഭിപ്രായം എഴുതുക. മംഗ്ലീഷ് ഒഴിവാക്കുക.

0 comments Recommend 0